"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പവവിവ-ഐ.ടി.ഡി.പി അട്ടപ്പാടി കരുവാര ഉന്നതിയിൽ കുടുംബത്തിലെ രണ്ട് കുട്ടികൾ മരണപ്പെട്ട സംഭവത്തിൽ ശ്രീ. അജയന്റെ കുടുംബത്തിന് ആശ്വാസ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.312/2026/SCSTD തീയതി,തിരുവനന്തപുരം, 10-03-2026

---

പരാമർശം:- പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 14.11.2025, 12.01.2026 തീയതികളിലെ STDD/4332/2025-B3 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

അട്ടപ്പാടി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന അഗളി ഗ്രാമപഞ്ചായത്തിലെ കരുവാര ഉന്നതിയിൽ താമസിക്കുന്ന അജയ്-ദേവി ദമ്പതികളുടെ മക്കളായ ആദി (7 വയസ്സ്), അജിനേഷ് (4 വയസ്സ്) എന്നിവർ 08/11/2025 ന് സമീപത്തെ പണി തീരാത്ത കെട്ടിടം തകർന്ന് വീണ് മരണപ്പെട്ടിരുന്നു. ശ്രീ. അജയനെ 2020-21 വർഷം ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതിയിൽ ഗുണഭോക്താവായി തിരഞ്ഞെടുക്കുകയും ആദ്യ ഗഡുവായി 50,000/- രൂപ അനുവദിച്ച് നൽകുകയും ചെയ്തിരുന്നു. എന്നാൽ റോഡ് സൗകര്യം കുറവായതിനാലും നിർമ്മാണ സാമഗ്രികൾ ചുമന്ന് എത്തിക്കേണ്ടി വന്നതിനാലും ടി തുക ഉപയോഗിച്ച് നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാതെ വരുകയും ആയതിനാൽ ധനസഹായത്തിന്റെ ശേഷിക്കുന്ന ഗഡുക്കൾ ലഭിക്കാത്ത സാഹചര്യമുണ്ടാവുകയും ചെയ്തിരുന്നു. മേൽ സാഹചര്യത്തിൽ ടി കുടുംബത്തിന് അടിയന്തിര ആശ്വാസ ധനസഹായമായി 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) അനുവദിക്കുന്നതിനും ശ്രീ. അജയന്റെ ഭാര്യയായ ശ്രീമതി.ദേവി പ്ലസ് ടു പഠനം പൂർത്തിയാക്കിയ വ്യക്തിയായതിനാൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഹോസ്റ്റൽ/എം.ആർ.എസ് കളിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി നൽകുന്നതിനും പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും, പ്രത്യേക കേസായി പരിഗണിച്ച് , അട്ടപ്പാടി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന അഗളി ഗ്രാമപഞ്ചായത്തിലെ കരുവാര ഉന്നതിയിൽ താമസിക്കുന്ന ശ്രീ.അജയന് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനും, ഈ കുടുംബത്തിന് **ആശ്വാസ ധന സഹായമായും ആകെ 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം)** അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൂടാതെ, പ്രസ്തുത കുടുംബത്തിന് തുടർന്നുള്ള ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിന് മരണപ്പെട്ട കുട്ടികളുടെ മാതാവായ ശ്രീമതി.ദേവിയ്ക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലെ ഹോസ്റ്റൽ/എം.ആർ.എസ്.-ൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി നൽകുന്നത് സംബന്ധിച്ച നടപടി സ്വീകരിക്കുന്നതിന് പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ കൗശിഗൻ ഐഎഎസ്
സെക്രട്ടറി

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Rani K C
Date: 11-03-2026 10:23:49
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി എസ് ന്.